**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4043** **28-06-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം താലൂക്കാശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം താലൂക്കാശുപത്രിക്കായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കായംകുളം താലൂക്കാശുപത്രിയ്ക്കായി കിഫ്ബി ഫണ്ട് വിനിയോഗിച്ച് 5 ബ്ലോക്കുകളിലായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ 55% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ട്രക്ചറൽ വർക്ക് ബ്ലോക്ക് 1,2,4 എന്നിവ 100% പൂർത്തീകരിച്ചിട്ടുണ്ട്. ബ്ലോക്ക് 3 ന്റെ 65% പൂർത്തീകരിച്ചു. ബ്ലോക്ക് 5- ന്റെ പൈലിംഗ് ജോലികൾ 100% പൂർത്തിയായി. ഗ്രൗണ്ട് ഫ്ലോർ ബ്ലോക്ക് 1, 4 എന്നിവയുടെ സീലിംഗ് പ്ലാസ്റ്ററിംഗ് 10% പൂർത്തിയായി. ബ്ലോക്ക് 01 ലെ ഓവർ ഹെഡ് വാട്ടർ ടാങ്ക് 40 % പൂർത്തിയായി. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതിന് നിലവിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. പ്രസ്തുത നിർമ്മാണ പ്രവൃത്തി 2025 ഏപ്രിൽ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ